മാറാട് കൂട്ടക്കൊല —അന്വേഷണം

118 [74] *ശ്രീ. വി. കെ. സി. മമ്മത്കോയ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2003 മേയ് 20-ന് മാറാട് നടന്ന കൂട്ടക്കൊലയെ തുടർന്ന് വീട് ഉപേക്ഷിച്ച് ഓടിപ്പോകേണ്ടിവന്നവരുടെ വീടുകളിൽ നടന്ന കൊള്ളയുടെ ഫലമായി നഷ്ടപ്പെട്ട ആഭരണങ്ങളും, വീട്ടുപകരണങ്ങളും കണ്ടെത്താൻ പോലീസിന് കഴിഞ്ഞിട്ടുണ്ടോ എന്ന് അറിയിക്കുമോ;

(ബി) രജിസ്റ്റർ ചെയ്ത 208 കേസുകളിൽ ഇതേവരെ തൊണ്ടിമുതലുകൾ കണ്ടെത്താനോ, പ്രതികളെ അറസ്റ്റ് ചെയ്യാനോ കഴിയാത്ത സാഹചര്യത്തിൽ കൊള്ളയ്ക്കിരയായവർക്ക് നഷ്ടപരിഹാരം നൽകാൻ തയ്യാറാകുമോ;

(സി) പ്രസ്തുത കേസുകളിലെ പ്രതികളെയും കൊള്ളമുതലുകളും കണ്ടെത്താൻ ഇതേവരെ പോലീസിന് കഴിയാത്ത സാഹചര്യത്തിൽ അന്വേഷണം മറ്റൊരു ഏജൻസിയെ ഏൽപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കളവുമുതലുകൾ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. ടി വസ്തുക്കൾ കണ്ടെത്തുന്നതിനുവേണ്ടി ഊർജ്ജിതമായ അന്വേഷണം നടത്തിവരുന്നു.

(ബി) ഇക്കാര്യം പരിശോധിച്ചുവരികയാണ്.

(സി) ഇക്കാര്യം പരിഗണനയിലില്ല.

മാറാട് കലാപവുമായി ബന്ധപ്പെട്ട സഹായനിധി

119 [75] *ശ്രീ. വി. കെ. സി. മമ്മത്കോയ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാറാട് കലാപവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചെലവുചെയ്ത തുകയുടെ വിശദാംശം നൽകുമോ;

(ബി) പ്രസ്തുത ആവശ്യത്തിലേക്കായി സർക്കാർ പ്രത്യേക ദുരിതാശ്വാസ നിധിക്ക് രൂപം നൽകിയിരുന്നുവോ;

(സി) മാറാട് സഹായനിധിയിലേക്കോ/ ദുരിതാശ്വാസ നിധിയിലേക്കോ പുറമെ നിന്നും ലഭിച്ച സംഭാവനകളുടെ വിശദാംശം, സംഘടനകൾ, വ്യക്തികൾ നൽകിയ സംഭാവന എന്നിങ്ങനെ ഇനം തിരിച്ച് വ്യക്തമാക്കാമോ;

(ഡി) സർക്കാരിനുപുറമെ സ്വദേശത്തുനിന്നും വിദേശത്തുനിന്നും സംഭാവനകൾ പിരിച്ചതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly